**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **31-08-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ ബസ് സർവ്വീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ കോവിഡ് കാലഘട്ടത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃസ്ഥാപിക്കാത്തതുമൂലമുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോവിഡ് സാഹചര്യത്തിൽ യാത്രക്കാർ കുറഞ്ഞതിനാൽ നിർത്തിയ മേൽ സർവ്വീസുകളിൽ ലാഭകരമായവ ക്രമാനുഗതമായി ആരംഭിച്ച് വരികയാണ്. എന്നാൽ നഷ്ടത്തിലുള്ള ട്രിപ്പുകൾ പുനരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കഴിഞ്ഞിട്ടില്ല. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്തതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജനങ്ങൾ നൽകിയ നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | അരുവിക്കര ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കടമ്പനാട് – ജി.വി.രാജ – വട്ടിയൂർക്കാവ് – കിഴക്കേകോട്ട സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട മേഖലകളിലേയ്ക്കുള്ളതും കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം ലഭിക്കുന്നതുമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച് കൂടുതൽ ഷെഡ്യൂളുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് കാലഘട്ടത്തിന് മുമ്പ് കൃത്യമായി സർവ്വീസ് നടത്തിയിരുന്നവയിൽ പുനഃസ്ഥാപിക്കേണ്ട ബസ് സർവ്വീസുകളുടെ | (സി) | പുനസ്ഥാപിക്കേണ്ട സർവ്വീസുകൾ<br><br><u>നെടുമങ്ങാട്</u> |

വിവരങ്ങൾ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ തിരിച്ച് വിശദമാക്കാമോ?

1. ചെരുപ്പാണി – നെടുമങ്ങാട്
2. തേവിയാര്കുന്ന് – നെടുമങ്ങാട്

<u>വെള്ളനാട്</u>

1. കാരയ്ക്കാർ തോട് – തിരുവനന്തപുരം
2. കാട്ടാക്കട - ആല്യംകുഴി –കിഴക്കേകോട്ട

<u>കാട്ടാക്കട</u>

1. കാട്ടാക്കട -കാപ്പിക്കാട് - തിരുവനന്തപുരം
2. കാട്ടാക്കട – ആനാകോട് - നാക്കാര കാട്ടാക്കട
3. പാങ്കാവ് - കാട്ടാക്കട - തിരുവനന്തപുരം

<u>വിതുര</u>

1. ചെരുപ്പാണി - ആര്യനാട് - വാഴിച്ചൽ - കളിയിക്കാവിള
2. മേൽത്തോട്ടം – കുര്യാത്തി – നെടുമങ്ങാട് – മെഡിക്കൽകോളേജ്
3. വിതുര – ആനപ്പെട്ടി – നെടുമങ്ങാട് – തിരുവനന്തപുരം

<u>ആര്യനാട്</u>

1. കളിയിക്കാവിള
2. മീനാങ്കൽ
3. പട്ടകുളം – തിരുവനന്തപുരം
4. ചായ്ക്കുളം – തിരുവനന്തപുരം
5. കല്ലാമം – തിരുവനന്തപുരം
6. കോട്ടയ്ക്കകം – തേവിയാര്കുന്ന്
7. മേത്തോട്ടം
8. മരങ്ങാട്

യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്, ഇതിനായി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടി പാറ്റേൺ സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിക്കുന്നതോടെ ഇത്തരം സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കി കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുവാൻ സാധിക്കും. ഇതിനായി സംഘടനകളുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. എന്നാൽ നഷ്ടത്തിലുള്ള പ്രവർത്തന ചെലവ് പോലും കഴിയാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ സാധിക്കുകയില്ല. അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| | | | വഹിക്കുകയാണെങ്കിൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ